# Malayala Manorama

# 20 August 2018

# Kakkanad, Exorbitant Prices & Hoarding, Food Grains Seized

# അമിത വിലയും പൂഴ്ത്തിവയ്പും; ഭക്ഷ്യധാന്യങ്ങൾ പിടിച്ചെടുത്തു

**കാക്കനാട്ട് സൂപ്പർ മാർക്കറ്റിൽ നിന്ന് പിടിച്ചെടുത്തത് ഒൻപത് ചാക്ക് അരി**



കാക്കനാട് മുനിസിപ്പൽ ഓഫിസിനു സമീപത്തെ സൂപ്പർമാർക്കറ്റിൽ പരിശോധനയ്ക്കെത്തിയ സപ്ലൈ വകുപ്പ് ഉദ്യോഗസ്ഥരോട് പരാതി പറയുന്ന നാട്ടുകാർ.

കാക്കനാട് • ദുരിതകാലത്തു പൂഴ്ത്തിവയ്പും അമിത വില ഈടാക്കലുമെന്ന പരാതിയെ തുടർന്നു ജില്ലയിൽ വ്യാപകമായ പരിശോധന. തൃക്കാക്കര നഗരസഭാ ഓഫിസിനു സമീപത്തെ വികെ സൂപ്പർ മാർക്കറ്റിനെതിരെ കേസെടുത്തു. ഇവരുടെ ഗോഡൗണിൽ ബിൽ ഇല്ലാതെ സൂക്ഷിച്ച ഒൻപത് ചാക്ക് അരി പിടിച്ചെടുത്തു. അമിത വില ഈടാക്കിയതിനും കേസെടുത്തിട്ടുണ്ട്. പിഴ നിശ്ചയിക്കാൻ കേസ് കലക്ടർക്കു കൈമാറും. ജില്ലാ സപ്ലൈ ഓഫിസർ ബെന്നി ജോസഫിന്റെ നേതൃത്വത്തിലായിരുന്നു പരിശോധന. അരിക്കും പഞ്ചസാരയ്ക്കും വിപണി വിലയെക്കാൾ കൂടിയ വിലയാണ് ഈടാക്കുന്നതെന്ന പരാതിയെ തുടർന്നായിരുന്നു പരിശോധന. തൊട്ടടുത്തു ഹോട്ടൽ നടത്തുന്ന വീട്ടമ്മയും അമിത വില ഈടാക്കിയതിന്റെ ബില്ലുമായെത്തി.

ലീഗൽ മെട്രോളജി ഉദ്യോഗസ്ഥരും ഇവിടെ പരിശോധന നടത്തി. അരി ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ മൊത്തക്കച്ചവട സ്ഥാപനത്തിൽ നിന്ന് ഇവിടേക്കു വാങ്ങിയതിന്റെ ബില്ല് ഹാജരാക്കാൻ സൂപ്പർ മാർക്കറ്റ് ഉടമയ്ക്കു കഴിഞ്ഞില്ല. അരിക്കടക്കാരൻ എഴുതി കൊടുത്തതെന്നു പറയുന്ന വെള്ളപ്പേപ്പറിലെ സ്ലിപ്പാണു കടയുടമ ഹാജരാക്കിയത്. പ്രതിഷേധവുമായി വൻ ജനക്കൂട്ടം സൂപ്പർ മാർക്കറ്റിനു മുൻപിൽ തടിച്ചു കൂടിയതോടെ ബഹളം മുറുകി. നാട്ടുകാരുടെ പരാതിയെ തുടർന്നാണു സമീപത്തെ ഗോഡൗൺ തുറപ്പിച്ചു പരിശോധന നടത്തിയത്. അവസരം മുതലാക്കി സാധാരണക്കാരെ ചൂഷണം ചെയ്യുന്ന വ്യാപാര സ്ഥാപനങ്ങൾക്കെതിരെ നടപടി കൈക്കൊള്ളുമെന്നു ജില്ലാ സപ്ലൈ ഓഫിസർ പറഞ്ഞു.

വില വിവര പട്ടിക പ്രദർശിപ്പിക്കാതിരിക്കൽ, വിപണി വിലയെക്കാൾ കൂടുതൽ വില വാങ്ങൽ, തീയതിയും വിലയും രേഖപ്പെടുത്താത്ത പായ്ക്കറ്റുകൾ വിൽക്കൽ തുടങ്ങിയവ കുറ്റകരമാണ്. പലചരക്ക്, പച്ചക്കറി വിൽപനശാലകൾ, ബേക്കറികൾ, ഹോട്ടലുകൾ, ഗ്യാസ് ഏജൻസികൾ, റേഷൻ കടകൾ തുടങ്ങിയ ഇടങ്ങളിലെല്ലാം പരിശോധന നടത്താൻ ഒട്ടേറെ സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ട്.

പലചരക്ക് മൊത്ത വ്യാപാരികൾ വിൽപന നടത്തുന്ന സാധനങ്ങളുടെ വിലയും സ്റ്റോക്കും നിത്യേന കടയിൽ പ്രദർശിപ്പിക്കണമെന്നു അധികൃതർ അറിയിച്ചു.